**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസി 2015 സംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം.2533/2014/ത.സ്വ.ഭ.വ** **തീയതി,തിരുവനന്തപുരം,27/09/2014.**

---

## ഉത്തരവ്

തദ്ദേശസ്വയംഭരണ പങ്കാളിത്തത്തോടെ ജനാധിപത്യ ശാക്തീകരണം എന്ന ഉദ്ദേശ ലക്ഷ്യവുമായി സംസ്ഥാന സർക്കാർ 2014 ൽ ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസി എന്ന് നാമകരണം ചെയ്ത് ഒരു ഇന്റർനാഷണൽ കോൺഫറൻസ് തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചിരുന്നു. 2015 വർഷത്തിലും ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസി സംഘടിപ്പിക്കുന്നതാണെന്ന് 13-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിൽ ബഹു. പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിരുന്നു. അപ്രകാരം ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസി 2015 നടത്തുന്നതിന് അനുമതി നൽകുന്നു. ഈ കോൺഫറൻസ് സംഘടിപ്പിക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി താഴെപ്പറയുന്ന കാര്യങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, നഗരകാര്യ സെക്രട്ടറി, സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, കില ഡയറക്ടർ, റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ, തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ് അണ്ടർ സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ ശ്രീ. സി. എൻ ബാബു, പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ ശ്രീ. കെ.പി. സാബുക്കുട്ടൻ നായർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു. ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ്

ഡെമോക്രസി 2015 ന്റെ ചീഫ് കോ- ഓർഡിനേറ്റർ തദ്ദേശ സ്വയംഭരണ വകുപ്പ് സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ ആയിരിക്കും. ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസി 2015 സംഘടിപ്പിക്കേണ്ട തീയതി, വേദി എന്നിവ മേൽ കമ്മിറ്റി തീരുമാനിക്കുന്നതാണ്.

2. പബ്ലിക് ഓഫീസിൽ നഗരകാര്യ ഡയറക്ടറേറ്റ് മാറിപ്പോയ സ്ഥലത്ത് നിന്നും ആവശ്യമായ സ്ഥലം ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസി (ICODD) 2015 ന്റെ ഓഫീസ് പ്രവർത്തിക്കുന്നതിനായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

3. ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസി (ICODD) 2014 ൽ ഉപയോഗിച്ചിരുന്ന ഫയലുകൾ, ഫർണിച്ചറുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ പഞ്ചായത്ത് ഡയറക്ടർ ചീഫ് കോ- ഓർഡിനേറ്റർക്ക് മടക്കി നൽകേണ്ടതാണ്.

4. ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസി (ICODD) 2014 മായി ബന്ധപ്പെട്ട് പ്രവർത്തി പരിചയമുള്ള ശ്രീ. ജെ. ആർ ഗോപകുമാർ, അഡീഷണൽ ഡയറക്ടർ (റിട്ടയേർഡ്) ശ്രീ. ഷാദർ പി.എ. പഞ്ചായത്ത് വകുപ്പ് ക്ലാർക്ക്, ഹയർഗ്രേഡ് (റിട്ടയേർഡ്) എന്നിവരെ ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസി (ICODD) 2015 ഓഫീസിലേക്ക് കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതാണ്. കൂടാതെ പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും ജൂനിയർ സൂപ്രണ്ട് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനേയും IKM ൽ നിന്നും ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററേയും വർക്കിംഗ് അറേഞ്ച്മെന്റിൽ നിയോഗിക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

5. തദ്ദേശസ്വയംഭരണ വകുപ്പിന് **PEAIS** അവാർഡ് ആയി ലഭിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന തുകയിൽ നിന്നും 3 കോടി (മൂന്ന് കോടി മാത്രം) രൂപ ഈ ആവശ്യത്തിന് വേണ്ടി ചെലവഴിക്കുന്നതിന് അനുമതി നൽകുന്നു.

6. കോൺഫറൻസിന്റെ ആവശ്യത്തിനായി ഒരു വാഹനം ടൂറിസം ഡയറക്ടറിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ജെയിംസ് വർഗ്ഗീസ്**
**ഗവ. പ്രിൻസിപ്പൽ സെക്രട്ടറി**

സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, നഗരകാര്യ വകുപ്പ്.
സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ്
അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം .
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ.
ശ്രീ. സി. എൻ ബാബു, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്.
ശ്രീ.കെ.പി.സാബുക്കുട്ടൻ നായർ, ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ. പഞ്ചായത്ത് ഡയറക്ടറേറ്റ്.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്)കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എൽ.ബി&എ) കേരള.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കോപ്പി; പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രിയുടെ പി.എസിന്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രിയുടെ പി.എസിന്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
നഗരകാര്യ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്ക്